**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1010** **06-10-2021 - ൽ മറുപടിയ്ക്ക്**

**മണലൂർ മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി, എളവള്ളി പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ളമെത്തിക്കുന്ന പദ്ധതിയ്ക്കായി ഓരോ പഞ്ചായത്തിലും ചെലവഴിക്കുന്ന തുക എത്രയാണ്; | (എ) | 1. മണലൂർ മണ്ഡലത്തിലെ, മുല്ലശ്ശേരി പഞ്ചായത്തിനു വേണ്ടി റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി പാവറട്ടി-മുല്ലശ്ശേരി പഞ്ചായത്തുകൾക്കു വേണ്ടിയുള്ള കുടിവെള്ള പദ്ധതിക്ക് 54.80 കോടി രൂപ ,ജലജീവൻ മിഷൻ പദ്ധതിയിൽ 6801 കുടിവെള്ള കണക്ഷനുകൾ നല്കുന്നതിലേക്കായി 5.79 കോടി രൂപ, എന്നിങ്ങനെ ആകെ 60.59 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. 2.മണലൂർ മണ്ഡലത്തിലെ, എളവള്ളി പഞ്ചായത്തിലേക്കുള്ള കുടിവെള്ള പദ്ധതികൾക്ക് വേണ്ടി ജലജീവൻ മിഷൻ പദ്ധതിയിൽ 500 കുടിവെള്ള കണക്ഷനുകൾ നൽകുന്നതിന് ജലനിധിക്ക് 75.1 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഗ്രാവിറ്റി മെയിൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ചാട്ടുകുളം മുതൽ പാവറട്ടി മുല്ലശ്ശേരി ടാങ്കുകൾ വരെ ഗ്രാവിറ്റി മെയിൻ 13.8കി.മീ. സ്ഥാപിക്കുന്ന പ്രവൃത്തി 50% പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ പൂർത്തിയാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നു. |
| (സി) | ടാങ്കിൽ നിന്നും വീടുകളിലേക്ക് ജലമെത്തിക്കുന്നതിനുള്ള ഡിസ്ട്രിബ്യൂഷൻ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കാമോ? | (സി) | റീബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി മുല്ലശ്ശേരി പഞ്ചായത്തിൽ എല്ലാ വീടുകളിലും ശുദ്ധജലം എത്തിക്കുന്നതിനായി വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവർത്തി 10% പൂർത്തീകരിച്ചു. 5192 മീറ്റർ DI പൈപ്പുകളും , 40056 മീറ്റർ പി.വി.സി പൈപ്പുകളും കരാറുകാരൻ വിതരണം ചെയ്തിട്ടുള്ളതും 12985.50 മീറ്റർ നീളത്തിൽ വിതരണശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. 2022 ജൂൺ മാസത്തിനുള്ളിൽ പ്രവൃത്തികൾ പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ